**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1323** **27-07-2021 - ൽ മറുപടിയ്ക്ക്**

**മാതൃകാ മൃഗസംരക്ഷണ ഗ്രാമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **Smt J Chinchurani (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | മാതൃകാ മൃഗസംരക്ഷണ ഗ്രാമ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത് എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | മാതൃകാ മൃഗസംരക്ഷണ ഗ്രാമ പദ്ധതി വഴി മൃഗസംരക്ഷണ മേഖലയിലെ തദ്ദേശീയമായി രൂപപ്പെട്ട് വരുന്ന പ്രോജക്ടുകൾക്ക് വകുപ്പിന്റെ ധനസഹായമായ 5 ലക്ഷം രൂപ വീതം നൽകുന്നു. ടി പദ്ധതിയിലേയ്ക്ക് അതത് പഞ്ചായത്തുകൾക്ക് വേണമെങ്കിലും വിഹിതം നൽകാം. പശു വളർത്തൽ, ആട് വളർത്തൽ, കോഴി വളർത്തൽ എന്നിങ്ങനെ മൃഗസംരക്ഷണ മേഖലയിലെ പദ്ധതികളാണ് മാതൃകാ മൃഗസംരക്ഷണ ഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. |
| (ബി) | പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | 2021-22 സാമ്പത്തിക വർഷം സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 14 പഞ്ചായത്തുകളിൽ മാതൃക മൃഗസംരക്ഷണ ഗ്രാമ പദ്ധതി നടപ്പിലാക്കുന്നു. 14 പഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വീതം ആകെ 70 ലക്ഷം രൂപ നൽകുന്നു. അതത് പഞ്ചായത്തിന് കീഴിലുള്ള മൃഗാശുപത്രിയിലെ വെറ്ററിനറി സർജൻ പ്രോജക്ട് രൂപീകരിച്ച് ജില്ല അധ്യക്ഷന്റെ അംഗീകാരത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത് |

സെക്ഷൻ ഓഫീസർ